# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3965** **12.12.2018 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.സജി ചെറിയാൻ:<br>ശ്രീ.ബി.സത്യൻ: | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി ) |
| (എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കാൻ നിബന്ധനകൾ സർക്കാർ കർശനമാക്കിയതിന് ശേഷം സംസ്ഥാനത്ത് അവയവദാനം ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) അവയവ ദാനത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ നിയന്ത്രിക്കുന്നതിനായി മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലമായി അവയവദാനം കുറഞ്ഞത് പരിഹരിക്കാൻ പൊതുജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് ബോധവത്ക്കരണം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രശസ്ത സിനിമാതാരം ശ്രീ.മോഹൻലാലിനെ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ് വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവ് ഉണ്ടായതിനെത്തുടർന്ന് മസ്തിഷ്ക മരണാനന്തര അവയവദാനത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണകൾ മാറ്റുന്നതിനും അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി 'മൃതസഞ്ജീവനി' വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. അവയവദാനത്തിന് താല്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തി വരുകയും ചെയ്യുന്നുണ്ട്. |

(സി) അവയവ ദാനത്തിനായി ആരംഭിച്ച മൃതസഞ്ജീവനി പദ്ധതിയിൽ നിരവധി രോഗികൾ, പ്രത്യേകിച്ചും വൃക്കരോഗികൾ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നതിനാൽ അവർക്ക് അവയവങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ?

(സി) മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിനായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും രണ്ട് ട്രാൻസ് പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ (Transplant Co-ordinators) നിയമിക്കുന്നതിനും 30.06.2018 ലെ സ.ഉ(സാധാ)നം.2080/2018/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ എകോപിപ്പിക്കുന്നതിനു വേണ്ടി ട്രാൻസ് പ്ലാന്റ് പ്രൊക്യൂർമെന്റ് മാനേജർ മാരെ (Transplant Procurement Manager) നിയമിക്കുന്നതിനും 03.11.2018 ലെ സ.ഉ.(സാധാ) നം.3306/2018/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ